**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2305** **21-06-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ., എസ്.എ.ജി.വൈ. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലായി 2021 മുതൽ നാളിതുവരെ അനുവദിച്ച പി.എം.ജി.എസ്.വൈ.,എസ്.എ.ജി.വൈ. പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ; പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതി പുരോഗതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ; | (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>സാഗി (SAGY) പദ്ധതി പ്രകാരം പ്രവൃത്തികൾ അനുവദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി പെരുങ്കടവിള, പാറശ്ശാല ബ്ലോക്കുകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പി.എം.ജി.എസ്.വൈ.യിൽ ബ്ലോക്കു പഞ്ചായത്തിന്റെ നിർദ്ദേശങ്ങളല്ല, മറിച്ച് ബന്ധപ്പെട്ട എം.പി.യുടെ ശുപാർശയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവുമാണ് ആവശ്യമായുള്ളത്.<br><br>സാഗി പദ്ധതിയുമായി ബന്ധപ്പെട്ട് പെരുങ്കടവിള, പാറശ്ശാല ബ്ലോക്കു പഞ്ചായത്തുകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി റോഡുകൾ തെരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ? | (സി) | കേന്ദ്ര ഗ്രാമവികസന മന്ത്രാലയം (MoRD) കാലാകാലങ്ങളിൽ പുറത്തിറക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പി.എം.ജി.എസ്.വൈ.യിൽ റോഡുകൾ തെരഞ്ഞെടുക്കുന്നത്. ഇപ്പോൾ നിലവിലുള്ള പി.എം.ജി.എസ്.വൈ. III- ൽ ഉൾപ്പെടുത്തേണ്ട റോഡുകൾ, അപ്ഡേഷൻ ഓഫ് ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാനിൽ ഉൾപ്പെട്ടതായിരിക്കണം. അതിൽ പ്രധാനമായും ഗ്രാമീണ അഗ്രികൾച്ചറൽ മാർക്കറ്റിന്റെയും ഹയർ സെക്കന്ററി സ്കൂളിന്റേയും ഹോസ്പിറ്റലിന്റെയും സമീപമുള്ള റോഡുകളാണ് തിരഞ്ഞെടുക്കുന്നത്. ഹാബിറ്റേഷനുകളുടെയും ഫെസിലിറ്റികളുടെയും തിരഞ്ഞെടുപ്പ് അതിന് നിശ്ചയിക്കപ്പെട്ട മാർക്ക് പ്രകാരമുള്ള CUCPL (Comprehensive Up gradation cum Consolidation Priority List) റാങ്ക് അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഒരു ജില്ലയിലെ |

| | | | |
|---|---|---|---|
| | | | മുഴവൻ റൂറൽ റോഡുകളെയും ബ്ലോക്ക് അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രോസസ്സിങ്ങ് നടത്തിയാണ് റാങ്ക് നിർണ്ണയിക്കുന്നത്. ഇതിൽ ബന്ധപ്പെട്ട എം.പി.യുടെ ശുപാർശയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവും ഉൾപ്പെടുന്നു. കർശനമായ മാനദണ്ഡത്തോടെ, ചുരുങ്ങിയത് 3 കി.മീ നീളവും 7.5 മീറ്റർ (Through Route)/6 മീറ്റർ (Major Rural Link) വീതിയിൽ മുഴവൻ നീളത്തിലും സ്ഥല ലഭ്യത (ഫ്രീ സറണ്ടർ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതായും ഉണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (SLSC) അംഗീകരിച്ച്, സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ (STA) അംഗീകാരവും ലഭ്യമായതിന് ശേഷം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ (MoRD) അംഗീകാരത്തിനായി സമർപ്പിക്കുന്നു. അവിടെ പ്രീ-എംപവേർഡ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചതിന് ശേഷമാണ് ഭരണാനുമതി നൽകുന്നത്.<br><br>വിവിധ സർക്കാർ പദ്ധതികളുടെ സംയോജനത്തോടെയുള്ള നിർവ്വഹണ രീതിയാണ് സാഗിയിൽ അവലംബിക്കുന്നത്. അനുവദിക്കുന്ന തുക തികച്ചും ഭരണപരമായ ചെലവുകൾക്കായി ഉപയോഗിക്കുന്നതിനാണ് സാഗി പദ്ധതി മാനദണ്ഡങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| SL.No. | Package No. | Block | Name of Works | Sanctioned Year | Sanctioned Length in kms | Sanctioned Amount in Lakh | Present Stage of Works |
|---|---|---|---|---|---|---|---|
| 1. | KR-12-109 | Parassala | MRL 16- Chenkkal Prayamoodu Avankkinvila Manvilakadavu road | 2021-2022 | 4.465 | 264.896 | 2.438 km tarring completed |
| 2. | KR 12-110 | Perumkadavila | MRL06-Thottipalam-phc Manakkala Vattaparambu Chempoor | 2021-2022 | 4.353 | 253.997 | Work completed |
| 3. | KR 12-115 | Perumkadavila | MRL01-SN Puram Plampazhimji Attor Manchacode Emmanual College Road | 2023-2024 | 3.226 | 266.74 | Waiting for Tender excess approval |